സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

84 (5157) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസിൽ പ്രവേശിപ്പിക്കപ്പെട്ടവരുടെ കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ വിശദമാക്കാമോ ;

(ബി) പത്താംക്ലാസ് പരീക്ഷ എഴുതിയവരുടെ കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ വിശദമാക്കാമോ ;

(സി) ഒന്നാംക്ലാസിൽ പ്രവേശിക്കപ്പെടുന്നവരുടെ എണ്ണത്തിലും എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നവരുടെ എണ്ണത്തിലും കുറവ് നേരിട്ടുകൊണ്ടിരിക്കുകയാണോ ; എങ്കിൽ എത്ര ശതമാനം വച്ച് ഓരോ വർഷവും കുറവുണ്ടായിട്ടുണ്ട് ;

(ഡി) സർക്കാർ, എയ്ഡഡ് മേഖലയിലെ സ്കൂളുകളിലെ ഒന്നാംക്ലാസ് മുതൽ പത്താംക്ലാസ് വരെയുള്ള അദ്ധ്യാപകരുടെ കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ വർഷം തിരിച്ച് വിശദമാക്കാമോ ;

(ഇ) അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തിൽ കഴിഞ്ഞ പത്ത് വർഷത്തെ മാറ്റങ്ങൾ എന്തൊക്കെയായിരുന്നു ?

ഉത്തരം

(എ) കഴിഞ്ഞ പത്ത് വർഷം സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം പട്ടികയായി ചുവടെ ചേർക്കുന്നു.

Year	Govt.	Aided
(1)	(2)	(3)
2004-05	139234	252328
2005-06	133900	248196
2006-07	129385	243610

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
2007-08	117997	228404
2008-09	112234	218876
2009-10	105455	210262
2010-11	98001	198514
2011-12	92168	188046
2012-13	88874	168655
2013-14	86782	162660

(ബി) കഴിഞ്ഞ പത്ത് വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയവരുടെ കണക്കുകൾ ചുവടെ ചേർക്കുന്നു:

Year	Total
2004-05	445122
2005-06	441731
2006-07	428307
2007-08	421497
2008-09	416576
2009-10	420577
2010-11	428729
2011-12	440126
2012-13	448608
2013-14	433361

(സി) 2004-05 വർഷം മുതൽ 2013-14 വർഷം വരെ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം താരതമ്യം ചെയ്യുമ്പോൾ വർഷംതോറും നേരിയ കുറവ് കാണുന്നു. എന്നാൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ കുട്ടികളുടെ എണ്ണത്തിൽ 2004-05 മുതൽ 2009-10 വരെ കുറവും 2010-11 മുതൽ 2013-14 വരെ വർദ്ധനയുമാണ് ഉണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സർക്കാർ, എയ്ഡഡ് മേഖലയിലെ സ്കൂളുകളിലെ ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ് വരെയുള്ള അദ്ധ്യാപകരുടെ കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ ചുവടെ ചേർക്കുന്നു:

Year	Government	Aided
2004-05	57425	106717
2005-06	56059	107047
2006-07	55130	106936
2007-08	54300	106143
2008-09	53914	104928
2009-10	53035	104052
2010-11	52405	101965
2011-12	52353	101365
2012-13	53581	101143
2013-14	55321	100541

(ഇ) കഴിഞ്ഞ പത്ത് വർഷമായി കെ.ഇ.ആർ പ്രകാരം 1:45 അദ്ധ്യാപക വിദ്യാർത്ഥി അനുപാതം അനുസരിച്ചാണ് തസ്തിക നിർണ്ണയം നടത്തുന്നത്. 1-10-2011-ലെ ജി.ഒ.(പി)നമ്പർ 199/2011/പൊ.വി.വ പ്രകാരം 2010-2011-ലെ തസ്തിക നിർണ്ണയം 2011-12 വർഷത്തേയ്ക്കുകൂടി ബാധകമാക്കുകയുണ്ടായി. പിന്നീട് 2010-2011-ലെ തസ്തിക നിർണ്ണയംതന്നെ 2012-13, 2013-14 -ലും ബാധകമാക്കി. 4-7-2014-ലെ ജി.ഒ.(പി)നമ്പർ 124/2014/പൊ.വി.വ 23-12-2014, ജി.ഒ.(പി)നമ്പർ 278/2014/പൊ.വി.വ എന്നിവ പ്രകാരം 2014-15-ലെ തസ്തിക നിർണ്ണയത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അധിക അദ്ധ്യാപകരുടെ പുനർവിന്യാസവും ബാങ്ക് ശ്രേഫീകരണത്തിലുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചു യു.പി.ഡി അടിസ്ഥാനമാക്കി 1:45 അദ്ധ്യാപക വിദ്യാർത്ഥി അനുപാതത്തിൽ തസ്തികകൾ നിർണ്ണയിക്കാനാണ് തീരുമാനിച്ചത്. ഇപ്രകാരം തസ്തിക നിർണ്ണയം നടത്തുമ്പോൾ തസ്തിക നഷ്ടമാവുന്ന രാജി, റിട്ടയർമെന്റ്, മരണം, പ്രൊമോഷൻ, ട്രാൻസ്ഫർ എന്നീ ഒഴിവുകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരെ സംരക്ഷിക്കുന്നതിന് 1 മുതൽ 4 വരെ

LIBRARY ARCHIVES Kerala Legislative Assembly

ക്ലാസ്സുകളിൽ 1:30 അനുപാതവും 5 മുതൽ 10 വരെ 1:35 അനുപാതവും ഹെഡ് ടീച്ചറെ ക്ലാസ്സ് ചാർജ്ജിൽനിന്ന് ഒഴിവാക്കിയ ഒഴിവുകളും ഉപയോഗിക്കാൻ തീരുമാനിച്ചു. എന്നാൽ മേൽ സർക്കാർ ഉത്തരവുകളെല്ലാം ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ

നോൺ വൊക്കേഷണൽ ഇംഗ്ലീഷ് ടീച്ചർ നിയമനം

85 (5158) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ കെ.എസ്.&എസ്.എസ്.ആർ. 9 a(i) പ്രകാരം എത്ര മിനിസ്റ്റീരിയൽ സ്റ്റാഫ് താല്കാലിക അദ്ധ്യാപകരായി ജോലി നോക്കുന്നുണ്ട് ; പ്രസ്തുത താല്കാലിക അദ്ധ്യാപകരെ തിരികെ യു.ഡി. ക്ലർക്കുമാരായി റിവെർട്ട് ചെയ്യാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത താൽക്കാലിക അദ്ധ്യാപകരെ റിവെർട്ട് ചെയ്ത നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നോൺ വൊക്കേഷണൽ ഇംഗ്ലീഷ് ടീച്ചർ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത താൽക്കാലിക അദ്ധ്യാപകർക്ക് നോൺ വൊക്കേഷണൽ ടീച്ചർ ഇംഗ്ലീഷ് ജൂനിയറിൽ നിന്നും സീനിയർ ആയുള്ള പ്രൊമോഷൻ തടഞ്ഞിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പ്രൊമോഷൻ നടത്തി ഉണ്ടാവുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) വൊക്കേഷണൽ ഹയർ സെക്കന്ററിയിലെ പ്രസ്തുത പ്രൊമോഷൻ, നമ്പർ ഇ 4/15124/2013 തീയതി 6-3-2015 ഗസറ്റ് നമ്പർ : 14 വാല്യം IV പ്രകാരം 7-4-2015-ൽ ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടും നാളിതുവരെയും പ്രൊമോഷൻ നടത്തിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ; പ്രസ്തുത പ്രൊമോഷൻ നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ കെ.എസ് ആന്റ് എസ്.എസ്. ആർ. 9A (i) പ്രകാരം 31 മിനിസ്റ്റീരിയൽ ജീവനക്കാർ അദ്ധ്യാപകരായി ജോലി നോക്കുന്നു. വർഷങ്ങളായി അദ്ധ്യാപക തസ്തികയിൽ തുടർന്നുവരുന്ന തങ്ങളുടെ സേവനം അദ്ധ്യാപക തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന മിനിസ്റ്റീരിയൽ ജീവനക്കാരുടെ ആവശ്യം സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly